## ആമുഖം

**നടുവണ്ണൂർ എച്ച് എസ് എസ് വാകായാടിലെ ലിറ്റിൽ കൈറ്റ് വിദ്യാർഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു**

**പ്രധാനാധ്യാപിക**

| | ഉള്ളടക്കം | | |
|---|---|---|---|
| ക്രമ നമ്പർ | | | |
| 1 | കൊട്ടിയടയ്ക്കപ്പെട്ട വാതിലുകൾ | കഥ | 4 |
| 2 | എന്റെ പുഴ | കവിത | 5 |
| 3 | സാർ ഐസക് ന്യൂട്ടൻ | ജീവചരിത്രം | 6 |
| 4 | കുഞ്ചൻ നമ്പ്യാർ | ജീവചരിത്രം | 7 |
| 5 | ഗലീലിയോ ഗലീലി | ജീവചരിത്രം | 8 |
| 6 | NATURE IS EVERY WHERE | POEM | 9 |
| 7 | എബ്രഹാം ലിങ്കൺ | ജീവചരിത്രം | 10 |
| 8 | നന്മ എന്ന സത്യം | കഥ | 11 |
| 9 | വീണ പൂവ് | കവിത | 12 |
| 10 | ഉസൈൻ ബോൾട്ട് | ജീവ ചരിത്രം | 13 |
| | | | |

## കൊട്ടിയടയ്ക്കപ്പെടുന്ന വാതിലുകൾ

തുള്ളികളായി പെയ്തിറങ്ങുന്ന മഴയത്ത് ഉമ്മറപ്പടിയിലെ
ചാരുകസേരയിൽ ഇരിക്കുകയാണ് ജാനകി.നരച്ചമുടിയും
ചുക്കിച്ചുളിഞ്ഞ ശരീരവുമുള്ള അവരുടെ മുഖത്ത് ഒരു ദുഃഖം
നിഴലിച്ചു കാണുന്നു

ഒരു വർഷം മുൻപ് ജാനകിയുടെ
മകൻ തൻെറ പേരക്കുട്ടിയെ അമേരിക്കയിൽ കൊണ്ടു
പോയിരിക്കുന്നു.തൻെറ മാറിൽ ചാഞ്ഞുറങ്ങിയ ഉണ്ണിയെഅ  വൻെറ ഡാഡിഎന്നെന്നേയ്ക്കുമായി തന്നിൽ നിന്നും  അടർത്തിമാറ്റി
ശരീരത്തിൽ നിന്നും ഒരവയവമെന്നപോലെ.

എന്നാൽ ഇന്ന് മുത്തശ്ശിയെ കാണാൻ അമേരിക്കയിൽ നിന്ന് തന്റെ മക്കൾ നാട്ടിൽ വരുന്നുണ്ട്
പക്ഷെ മുത്തശ്ശിക്കി സന്തോഷമൊന്നുമില്ല മുത്തശ്ശി പെട്ടന്ന് ഇടിവെട്ടേറ്റതുപോലെ ഒരു നിമിഷം
തരിച്ചു നിന്ന് പോയി . ഇതാ തന്റെ പൊന്നു മക്കൾ ഉമ്മറ പടിവാതിൽക്കൽ നിൽക്കുന്നു
തന്നെ വൃദ്ധസദന വാതിൽക്കൽ വലിച്ചെറിയാൻ .

പാവം !ഉണ്ണിക്കുട്ടൻ ഒന്നും തന്നെ അറിയുന്നില്ല മുത്തശ്ശി ഉണ്ണിക്കുട്ടനെ മടിയിലിരുത്തി കഥകൾ പറഞ്ഞു കൊടുത്ത ആ
സമയത്തും ആരുമറിയാതെ മുത്തശ്ശിയുടെ ഹൃദയം വിങ്ങിപൊട്ടുകയായിരുന്നു ഉണ്ണിക്കുട്ടന്റെ
മമ്മി അവനെ വഴക്കുപറഞ്ഞ് മുത്തശ്ശിയുടെ മടിയിൽ നിന്ന് പിടിച്ചു കൊണ്ട് പോയി ഇത് കണ്ടിട്ട്
മുത്തശ്ശിയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി പെട്ടന്ന് മുത്തശ്ശി ഓർമകളിലേക്കി ഒരു നിമിഷം
പോയി
പണ്ട് മുറ്റത്തെ ചക്കരമാവിനോട് കഥപറഞ്ഞ പ്രായത്തിൽ മുത്തശ്ശിയുടെ മകൻ അമ്മയെ സഹായിക്കുന്ന
തിരക്കിൽ തെന്നിവീണതും അമ്മെ അമ്മെ എന്ന് കരഞ്ഞ് തന്നെ മാറോട് ചേർന്നതും ആ മുത്തശ്ശി ഓർത്തു
എന്നാൽ പണ സമ്പാദനതിനിടയിൽ അമ്മയെ മറന്ന് വിദേശതെക്കുപറന്നു മുത്തശ്ശൻ മരിച്ചതോടെ
പിന്നെയാണ് രണ്ടു വയസ്സുള്ളപ്പോൾ മുത്തശ്ശിയുടെ കൂട്ടായും ആശ്വാസമായും ഉണ്ണിക്കുട്ടൻ വന്നത്
മുത്തശ്ശിയെ കൊണ്ട് ഹോണടിച്ചുകൊണ്ട് ഉണ്ണിക്കുട്ടന്റെ ഡാഡി പോകുമ്പോൾ ഉമ്മറപ്പടിയിൽ
ഒന്നുമറിയാതെ ഉണ്ണിക്കുട്ടൻ പുഞ്ചിരിതൂകി നിൽക്കുകയായിരുന്നു എന്നാൽ അവൻ അറിഞ്ഞില്ല
മുത്തശ്ശിക്ക് മുന്നിലെ വാതിലുകൾ കൊട്ടിയടക്കപ്പെടുകയാണെന്ന്......

Alan.C.S

# എന്റെ പുഴ

ആ പുഴയോരത്തെ നിറഞ്ഞ കുളിരിൽ
ഞാനിസന്ധ്യയിൽ ഒറ്റക്കിരിക്കുകയായിരുന്നു
തിങ്ങി നിറഞ്ഞ മഴമേഘങ്ങൾ
നിറം മങ്ങിയ സന്ധ്യയുടെ ബീകരത
ചിഹ്നം ചിഹ്നം മേഘത്തിന്റെ നീർമണികൾ
ഭൂമിയിലും എന്നിലും ഇറ്റിവീഴുന്നു
തെന്നലിന്റെ തലോടലിൽ കുളിരുന്നുണ്ടായിരുന്നു
ആ തെന്നലിൽ വൃക്ഷങ്ങൾ ഊയലാടുന്ന
കൈക്കുമ്പിൾ കോരിയെടുക്കുവാൻ
മോഹമായി ഞാനെന്റെ പുഴയിലേക്കിറങ്ങി
തണുത്തുറഞ്ഞ അന്തരീക്ഷവും പുഴവെള്ളവും
ഞാനൊന്ന് മുങ്ങി ആ കുളിരിൽ
ഞാനുമെന്റെ സ്വപ്നങ്ങളും നനഞ്ഞു

- ദേവനന്ദ ആർ

## സർ ഐസക്ക് ന്യൂട്ടൻ

ഇംഗ്ളണ്ടിലെ പൂൾസ് തോർപ്പിൽ ജനിച്ചു. അദ്ദേഹത്തിൻെറ കണ്ടത്തലുകളിൽ പ്രധാനപ്പെട്ടവയാണ് ചലനഗുരുത്വാകർഷണ നിയമം തുടങ്ങിയവ അദ്ദഹത്തിന് 1705 ൽ സർ പദവി ലഭിച്ചു . ഫിലോസഫിയണറ്റ്ലിസ് പ്രിൻസിപ്പലിയ മാത്തമാറ്റിക് എന്ന അദ്ദഹത്തിന്റെ പ്രശസ്ത കൃതി ശാസ്ത്രലോകത്തിന് ഒരു വഴികാട്ടിയാണ്

PARTHIV BS

# കുഞ്ചൻ നമ്പ്യാർ




പതിനെട്ടാം നൂറ്റാണ്ടിലെ (1705-1770) പ്രമുഖ മലയാളഭാഷാ കവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനായ നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ അവതരണങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി എഴുതപ്പെട്ടവയാണ്. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണനീയനാണ് നമ്പ്യാർ. കൃതികൾ

ഈ ലേഖനത്തിലെ വിഷയത്തെ സംബന്ധിക്കുന്ന കൃതി വിക്കിഗ്രന്ഥശാലയിലെ രചയിതാവ്:കുഞ്ചൻ നമ്പ്യാർ എന്ന താളിലുണ്ട്.

ഓട്ടൻ തുള്ളലുകൾ

- സ്യമന്തകം
- കിരാതം വഞ്ചിപ്പാട്ട്
- കാർത്തവീര്യാർജ്ജുനവിജയം
- രുഗ്മിണീസ്വയംവരം
- പ്രദോഷമാഹാത്മ്യം
- രാമാനുജചരിതം
- ബാണയുദ്ധം
- പാത്രചരിതം
- സീതാസ്വയംവരം
- ലീലാവതീചരിതംതുള്ളലുകളല്ലാത്ത കൃതികളും നമ്പ്യാരുടേതായുണ്ട്.

Shravan Thej



## ഗലീലിയോ ഗലീലി

(ഫെബ്രുവരി 15, 1564 - ജനുവരി 8 1642) ഭൗതികശാസ്ത്രജ്ഞൻ, വാന നിരീക്ഷകൻ, ജ്യോതിശാസ്ത്രജ്ഞൻ, തത്ത്വചിന്തകൻ എന്നീ നിലകളിലൊക്കെ കഴിവുതെളിയിച്ച ഇറ്റലിക്കാരനായിരുന്നു. മരിച്ച് 350 കൊല്ലം കഴിഞ്ഞിട്ടും ലോകത്തെ ഏറ്റവും വലിയ ശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിലാണ് ഗലീലിയോയുടെ സ്ഥാനം. പ്രകൃതിയെ സംബന്ധിച്ച പല പഴയ വിശ്വാസങ്ങളും തെറ്റാണെന്ന് ആദ്യമായി തെളിയിച്ചത് അദ്ദേഹമായിരുന്നു.ലോക ചരിത്രത്തെ ഏറ്റവും സ്വാധീനിച്ച നൂറു വ്യക്തികളുടെ ഹ്രസ്വ ചരിത്രമാണ് ദ ഹൻഡ്രഡ് എന്ന പേരിൽ മൈക്കിൾ ഹാർട്ട് 1978 ൽ പ്രസിദ്ധീകരിച്ച പുസ്തകം . ഈ പട്ടികയിൽ പന്ത്രണ്ടാം സ്ഥാനം ഗലീലിയൊയ്ക്കാണ്

Parthiv.B.S

# NATURE  IS EVERYWHERE

Nature is everywhere
Nature is everywhere you go
Everything that lives and grows
is nature
Animals
big and small
Nature is plants that grow,
small and tall
In everyway its beautiful
wonderful and exiciting
And it needs our care
So listen, learn and do you part to keep nature
Beautiful forever
by
VAISHAKH

# എബ്രഹാം ലിങ്കൺ

അമേരിക്കൻ ഐക്യനാടുകളുടെ 16-ആം പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺ. (ഫെബ്രുവരി 12, 1809 - ഏപ്രിൽ 15, 1865). അമേരിക്കൻ ഐക്യനാടുകളിലെ ഏറ്റവും വലിയ ആഭ്യന്തര പ്രതിസന്ധിയായിരുന്ന അമേരിക്കൻ സിവിൽ യുദ്ധകാലത്ത് രാജ്യത്തെ വിജയകരമായി മുന്നോട്ട് നയിച്ച നേതാവായിരുന്നു എബ്രഹാം ലിങ്കൺ. അമേരിക്കയിലെ അടിമത്തത്തിനെതിരെയുള്ള പോരാട്ടത്തിന്റെ മുഖ്യനായകനായിരുന്ന അദ്ദേഹം.[1][2] 1860 ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർഥിയായി മത്സരിച്ച അദ്ദേഹം പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ റിപ്പബ്ലിക്കൻ പാർട്ടി പ്രസിഡന്റായിരുന്നു ലിങ്കൺ.[3] പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നതിനു മുൻപ് അഭിഭാഷകൻ, ഇല്ലിനോയി സംസ്ഥാനത്തിൽ നിയമസഭാസാമാജികൻ, അമേരിക്കൻ കോൺഗ്രസ്സിലെ അധോമണ്ഡലമായ ഹൗസ് ഓഫ് റെപ്രെസെന്റ്റേറ്റീവ്സ് അംഗം, പോസ്റ്റ്മാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കൻ ആഭ്യന്തര യുദ്ധം, വിഘടനവാദ നിലപാടുകൾ പുലർത്തിയിരുന്ന അമേരിക്കൻ കോൺഫെഡറേറ്റ് സംസ്ഥാനങ്ങളുടെ തോൽവി എന്നിവകൊണ്ട് സംഭവബഹുലമായിരുന്നു അദ്ദേഹത്തിന്റെ പ്രസിഡൻസി കാലഘട്ടം. പ്രസിഡന്റായിരിക്കെ അടിമത്തം അവസാനിപ്പിക്കുന്നതിനായി ശക്തമായ നിലപാടു കൈക്കൊണ്ട ലിങ്കൺ സ്വീകരിച്ച പ്രധാന നിയമ നടപടിയാണ് 1863-ലെ വിമോചന വിളംബരം അഥവ Emancipation Proclamation. അമേരിക്കൻ ഐക്യനാടുകളിൽ അടിമത്തം പൂർണ്ണമായും നിരോധിച്ച ഭരണഘടനയുടെ പതിമൂന്നാം ഭേദഗതിക്കുള്ള അടിസ്ഥാനമായി മാറി ഈ വിമോചന വിളംബരം. [4]

കെന്റക്കിയിൽ ജനിച്ച, ലിങ്കൺ പടിഞ്ഞാറൻ അതിർത്തിയിലെ ഒരു ദരിദ്ര കുടുംബത്തിലാണു വളർന്നത്. സ്വയമേവ വിദ്യാഭ്യാസം നേടിയ അദ്ദേഹം, ഇല്ലിനോയിയിൽ ഒരു അഭിഭാഷകനായി ജോലി സമ്പാദിച്ചു. ഒരു വിഗ് പാർട്ടി നേതാവെന്ന നിലയിൽ, അദ്ദേഹം എട്ട് വർഷം നിയമസഭയിലും രണ്ടുവർഷം കോൺഗ്രസിലും സേവനമനുഷ്ഠിച്ചതിനുശേഷം അഭിഭാഷക ജോലിയിലെ തന്റെ പ്രായോഗിക പരിശീലനത്തിലേയക്കു പിന്തിരിഞ്ഞു. പടിഞ്ഞാറൻ പ്രയറി ഭൂപ്രദേശങ്ങളിൽ അടിമത്ത വ്യവസ്ഥ ആരംഭിക്കുന്നതിൽ ഡെമോക്രാറ്റുകൾ നേടിയ വിജയം അദ്ദേഹത്തെ പ്രകോപിതനാക്കുകയും അദ്ദേഹം 1854-ൽ വീണ്ടും രാഷ്ട്രീയത്തിലേയ്ക്കു പുനപ്രവേശനം നടത്തുകയും ചെയ്തു. വിഗ്ഗ് പാർട്ടി എന്ന പഴയ രൂപത്തിൽനിന്നും അടിമത്ത വിരുദ്ധ ഡെമോക്രാറ്റുകളിൽനിന്നുമായി പടിഞ്ഞാറൻ മേഖലയിൽ പുതിയ റിപ്പബ്ലിക്കൻ പാർട്ടിയെ കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം ഒരു നേതാവായി പ്രവർത്തിച്ചു. 1858 ൽ ഒരു ഉന്നത ദേശീയ ഡെമോക്രാറ്റിക് നേതാവായിരുന്ന സ്റ്റീഫൻ എ. ഡഗ്ലാസുമായുള്ള വാഗ്വാദത്തിലൂടെ അദ്ദേഹം ദേശീയ ശ്രദ്ധ നേടിയിരുന്നു. ആ മത്സരം അദ്ദേഹത്തിനു നഷ്ടമായെങ്കിലും 1860 ലെ പ്രസിഡന്റു തെരഞ്ഞെടുപ്പിൽ ഒരു മിതവാദിയായ പടിഞ്ഞാറൻ സ്ഥാനാർത്ഥിയായി ചാഞ്ചല്യമുള്ള ഒരു സംസ്ഥാനത്തിൽനിന്ന് അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ടു. വടക്കൻ മേഖല പൂർണ്ണമായും ഉത്തുവാരിയ അദ്ദേഹം 1860 ൽ അമേരിക്കൻ പ്രസിഡന്റായി.

# നന്മ എന്ന സത്യം

പണ്ട് ഗർവിഡ് എന്നൊരു രാജ്യമുണ്ടായിരുന്നു . അവിടെ ഉള്ള രാജകുമാരൻ ക്രൂരനായ മനുഷ്യനായിരുന്നു അതുകൊണ്ടുതന്നെ ഗർവിഡ് ലെ ജനങ്ങൾക്ക് ധാരാളം വേദന അനുഭവിക്കേണ്ടി വന്നു .അടുത്ത രാജാവാകുന്ന ഇങ്ങനെയാകരുത് എന്ന് രാജാവ് മനസിലാക്കി ഉടൻ തന്നെ ജോത്സ്യരെ വിളിപ്പിച്ചു .ജ്യോൽസ്യൻ പ്രശ്നം നോക്കി .പ്രശ്നം വേറൊന്നുമല്ല  അവൻ ക്രൂരനായത് കൊണ്ട് തന്നെ ."ഇതിന് പരിഹാരമായി നാം കാണുന്നത് ഒരു യാത്രയാണ് "ഇതായിരുന്നു ജ്യോൽസ്യൻ പറഞ്ഞത് .രാജാവ് ഉറക്കെ ചോദിച്ചു യാത്രയോ എവിടേക്ക് .കാടിനകത്തുള്ള'ഭക്തി ജോവിൽ 'എന്ന ക്ഷേത്രത്തിലേക്ക് .ആ യാത്രയിൽ അവൻ എതങ്കിലും ഒരു നന്മ സന്മനസോടെ ചെയ്താൽ അവൻ ഈ നാടിൻറെ ജനങ്ങൾക്ക് പ്രിയനായ രാജാവാകും .തീർച്ച ഒരു നന്മ ച്യ്തു ഉടൻ അവൻ നല്ലവനാകും .പക്ഷെ നന്മ ഒന്നും ചെയ്തില്ല എന്ന് വച്ചോ അയാൾ ഇവിടേക്ക് തിരിച്ചെത്തില്ല

ജ്യോൽസ്യൻ പറഞ്ഞത് കേട്ട് രാജാവ് അമ്പരന്നു .തിരിച് വരില്ലനോ മരണ മെടഞ്ഞും എന്നല്ലേ .അല്ല അയാൾ കാടിനുള്ളിൽ കുടുങ്ങി കഷ്ടപ്പെട്ട് ജീവിക്കേണ്ടി വരും ഇതായിരുന്നു ജോല്സ്യന്റെ മറുപടി .രാജാവിന് വിഷമമായി .ഇതുവരെ ഒരു നന്മയും ചെയ്യാത്ത ഇവൻ  എങ്ങനെ ഇതിന് പരിഹാരം വേറെന്തെങ്കിലും ഉണ്ടോ .ഇല്ല ഇതിന് മറ്റൊരു പരിഹാരവും നാം കാണുന്നില്ല . പിന്നെ ഒരു   കാര്യം കൂടാ ആരും പോകരുത് ഈ യാത്രയിൽ അവൻ നന്മ ചെയ്യണം എന്ന് ആരും കൊടുക്കുകയും  ചെയ്യരുത് അവൻ അത് ക്ഷേത്രയാത്ര നടത്തിയില്ലെങ്കിൽ അവന് ഉടനടി മരണപ്പെടും രാജാവ് പെട്ടന്ന് തന്ന രാജകുമാരനെ വിളിപ്പിച്ചു  ഈ യാത്രയെ പറ്റി പറഞ്ഞു .യാത്രയോ എന്ത്  യാത്ര പ്രകൃതിയുമായോ ഈ ഒരു യാത്രയാണ് എനിക്കതൊന്നും വയ്യ എന്നായിരുന്നു അവന്റെ മറുപടി രാജാവ് ഉത്തരവിട്ടു നീ ഇവിടുന്ന് പോവും ഇല്ലെങ്കിൽ അടുത്ത രാജാവ് എന്ന സ്ഥാനം നഷ്ടപെടേണ്ടിവരും ഇത് കേട്ടപാടെ അവൻ സമ്മതിച്ചു

അങ്ങനെ  അവൻ യാത്ര തുടങ്ങി അവൻ കുതിരപുറത്തായിരുന്നു യാത്ര അങ്ങനെ അവൻ യാത്ര ചെയ്തു കൊണ്ടിരിക്കുമ്പോൾ ഒരു നദി കണ്ടു അവൻ ഉടൻ തന്നെ അവിടെ ചെന്ന് മുഖം കഴുകി അവൻ തിരിഞ്ഞു നോക്കുമ്പോൾ അതാ തൻ്റെ കുതിരയെ കടിച്ചു മുറിച്ചു ഇട്ടിരിക്കുന്നു    അതിന്റെ തല കാണാനില്ല അവൻ അങ്ങനെ അവന്റെ യാത്ര തുടങ്ങി അവൻ പോവുന്ന വഴി ഈ യാത്ര കൊണ്ട് അവന്റെ അച്ഛനാകുന്ന നേട്ടം എന്താണെന്ന് കരുതി    അവൻ മുന്നോട്ട്  നാടന്ന്കൊണ്ടിരുന്നു അപ്പോൾ അവൻ ദാഹം അനുഭവപെട്ടു അവർ ചുറ്റുപാടും നോക്കി പല വീടുകളും ഉണ്ടോ എന്ന് പക്ഷെ അവിടെ ധാരാളം മരങ്ങളും വള്ളിച്ചെടികളും മാത്രമായിരുന്നു അവിടെ അവൻ കുറച്ചുനേരം ഒരു മരച്ചുവട്ടിൽ വിശ്രമിച്ചു അപ്പോഴാണ് ഒരു ആപ്പിൾ പറിക്കാരൻ വന്നത് അവൻ അയാളെ തന്റെ അരികിലേക്കു വിളിച്ചു അപ്പോൾ അയാളുടെ കയ്യിലുള്ള    ചുവന്ന തുടുത്ത ആ ആപ്പിൾ കണ്ട് അവൻ അമ്പരന്നു നീ എന്താ ഇവിടെ ഇരിക്കുന്നത് നിന്റെ യാത്ര വേഗം തുടർന്നോളൂ നിനക്കു അറിയാമോ ആ അമ്പലം എവിടെയാണെന്ന് രാജകുമാരൻ ഒന്ന് കൂടി ഞട്ടി എന്റ്റെ യാത്രയെ കുറിച്ചു നിങ്ങൾ എങ്ങനെ മനസിലായി അപ്പോൾ അയാൾ പറഞ്ഞു അല്ലാതെ ഈ ഭയാനകമായാ കാട്ടിലൂടെ നിങ്ങളെ നിങ്ങളെ പോലുള്ളവർ വരില്ല ആ അമ്പലത്തിൽ ചെന്നാൽ മാത്രമേ നിങ്ങൾക് എന്തോ ലഭിക്കുകയുള്ളു നിയങ്ങൾ ഏതെങ്കിലും നന്മ നിങ്ങളുടെ മനസോടെ പെയ്താൽ നിങ്ങൾ ഭാഗ്യവാനായി അത് കഴിഞ്ഞ് നിങ്ങൾ ആ അമ്പലത്തിൽ എത്തിയാൽ നിങ്ങളെ കാത് ആരോ ഉണ്ടാകും എന്നാണ് ഞാൻ പറഞ്ഞകേട്ടിട്ടുള്ളത് അത് ശെരി അതിനാണല്ലോ അച്ഛൻ എന്ന ഇവിടാക് അയച്ചത് എന് അവൻ മനസ്സിൽ കരുതി വെറുതെ ബുധിമുട്ടാൻ എനിക്കാവില്ല എന്ന് വെറുതെ അവൻ തിരികെ പോവാൻ നോക്കിയപ്പോൾ ആ അപ്പലേകാരൻ അവനോട് പറഞ്ഞു പോവരുത് അത് നിങ്ങളുടെ മരണത്തിലേക്കുള്ള വഴിയാണ് അവനത് കേട്ടഭായപെട്ടു .അല്ല നിങ്ങളുടെ കൂടെ ആരുമില്ല ഉണ്ടായിരുന്ന എന്റെ കുതിര അത് മരണമടങ്ങി ഹ ഹ ഹ ഹ ഹ ആ ആപ്പിൾകാരൻ ചിരിച്ചു അല്ല നിങ്ങളുടെ കൂടെ വരൻ അതുകൊണ്ടാണ് ആ കുതിര മരണമടങ്ങത് .  നിങ്ങൾക് വഴി തെറ്റും അല്ലെങ്കിൽ ആ ശക്തി വഴി തെറ്റിക്കും .

[parthiv ,shaloof]

# വീണപൂവ്

പ്രധാന ലേഖനം: വീണപൂവ്

ഈ ലേഖനത്തിലെ വിഷയത്തെ സംബന്ധിക്കുന്ന കൃതി വിക്കിഗ്രന്ഥശാലയിലെ വീണ പൂവ് എന്ന താളിലുണ്ട്.

1907 ഡിസംബറിൽ ആണ് ആശാൻ വീണപൂവ്, മിതവാദി പത്രത്തിൽ പ്രസിദ്ധീകരിച്ചത്. മലയാള കാവ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായൊരു അനുഭവമായിരുന്നു വീണപൂവ് എന്ന ഖണ്ഡകാവ്യം. വിഷൂചിക പിടിപെട്ട് ആലുവയിലെ വീട്ടിൽ കിടപ്പിലായിരുന്ന ശ്രീനാരായണഗുരുവിന്റെ അവസ്ഥയിൽ നിന്നാണ് വീണപൂവിന്റെ ആദ്യവരികൾ രൂപം കൊണ്ടത് എന്ന് വിശ്വസിക്കുന്നു

“

ഹാ, പുഷ്പമേ, അധികതുംഗപദത്തിലെത്ര

ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ! നീ

ശ്രീഭൂവിലസ്ഥിര-അസംശയം-ഇന്നു നിന്റെ-

യാഭൂതിയെങ്ങു പുനരിങ്ങു കിടപ്പിതോർത്താൽ

”

എന്നാരംഭിക്കുന്ന വീണപൂവിൽ, പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള അതീവസൂക്ഷ്മമായ ഘട്ടങ്ങൾ മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ ഓർമ്മിപ്പിച്ചുകൊണ്ട് കേവലം നാല്പത്തിയൊന്ന് ശ്ലോകങ്ങളിലൂടെ ഹൃദയസ്പർശിയാംവിധം ചിത്രീകരിച്ചിരിക്കുന്നു. തുടർന്ന് അക്കാലത്തെ പ്രധാനപ്പെട്ട സാഹിത്യമാസികയായ ഭാഷാപോഷിണിയിലും അത് പ്രസിദ്ധീകരിച്ചു. അതോടെ ശ്രദ്ധേയനായ കവി എന്ന നിലയ്ക്ക് ആശാന്റെ സ്ഥാനം ഉറച്ചു. വീണപൂവിന്റെ പ്രസിദ്ധീകരണത്തോടുകൂടി ലഭിച്ച അംഗീകാരം ആശാനിലെ കവിക്ക് കൂടുതൽ പ്രചോദനമരുളി. വീണപൂവിനെതുടർന്ന് രചിച്ച തീയക്കുട്ടിയുടെ വിചാരം അദ്ദേഹത്തിന്റെ സാമൂഹികബോധത്തിന്റെ പ്രതിഫലനമായിരുന്നു. വീണപ്പൂവ് എൻ. കുമാരനാശാൻ

1907 ഡിസംബറിൽ ആണ് കുമാരൻ ആശാൻ വീണപൂവ് 'മിതവാദി' പത്രത്തിൽ പ്രസിദ്ധീകരിച്ചത്.മലയാള കാവ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായൊരു അനുഭവമായിരുന്നു വീണപൂവ് എന്ന ഖണ്ഡകാവ്യം സ്വപ്നങ്ങളെക്കുറിച്ച് ആയിരത്തിൽ കൂടുതൽ വാക്കുകളിൽ വർണിച്ചു "ഹാ" എന്ന് തുടങ്ങി "കഷ്ടം" എന്ന് അവസാനിക്കുന്ന ഈ കവിത മനുഷ്യ ജന്മത്തിൽ പ്രതിഫലനം തന്നെയാണ്.മഹാകവി കുമാരനാശാൻ സുന്ദരമായ ഒരു പുഷ്പം കൊഴിഞ്ഞു തറയിൽ വീണു കിടക്കുന്നത് കണ്ടപ്പോൾ ഉണ്ടായ വിഷാദത്തിൽ നിന്നും

ഉടലെടുത്തതാണ് ഈ കവിത. നോക്കിയേക്കാം. പിന്നെ നടന്നകലും അതിനെ ഇത്രയധികം ഭാവന ചാർത്തി വർണിക്കാൻ മഹാകവികൾക്കെ സാധ്യമാകൂ.

# ഉസൈൻ ബോൾട്ട്




ഉസൈൻ ബോൾട്ട് (ജനനം: ഓഗസ്റ്റ് 21, 1986) ഒരു ജമൈക്കൻ ഓട്ടക്കാരനാണ്. നിലവിലെ 100 മീറ്റർ ,200 മീറ്റർ ഒളിമ്പിക് ജേതാവ് ഇദ്ദേഹമാണ്. 100 മീറ്റർ ലോകറെക്കോർഡും (9.58 സെക്കന്റ്[7]) 200 മീറ്റർ ലോകറെക്കോർഡും (19.19 സെക്കന്റ്)[8] ഇപ്പോൾ ഇദ്ദേഹത്തിന്റെ പേരിലാണ്.1977 ന ശേഷം 100 മീറ്ററിലേയും 200 മീറ്ററിലേയും ലോകറെക്കോർഡുകൾക്ക് ഉടമയായ ആദ്യ കായികതാരമാണ് ബോൾട്ട്. 4x100 മീറ്റർ റിലേയിലും അദ്ദേഹം ടീമംഗങ്ങളോടൊപ്പം റെക്കോർഡ് സൃഷ്ടിച്ചു. സ്പ്രിന്റിൽ 8 ഒളിംപിക് സ്വർണ മെഡലുകളും 11 ലോക ചാമ്പ്യൻഷിപ്പ് സ്വർണ മെഡലുകളും നേടുന്ന ആദ്യ കായിക താരമാണ് ബോൾട്ട്. തുടർച്ചയായ മൂന്ന ഒളിമ്പിക്സ് മത്സരങ്ങളിൽ 100 മീറ്ററിലും 200 മീറ്ററിലും സ്വർണം നേടിയ ആദ്യ താരവും ബോൾട്ട് തന്നെ (ട്രിപ്പിൾ ഡബിൾ).[9] 4x100 മീറ്റർ റിലേയിലും തുടർച്ചയായി മൂന്ന ഒളിമ്പിക്സ് സ്വർണം നേടി ട്രിപ്പിൾ ട്രിപ്പിൾഎന്ന നേട്ടവും കൈവരിച്ചു. എന്നാൽ 2008-ൽ നടന്ന ഒളിമ്പിക്സിലെ 4×100 മീറ്റർ റിലേയിൽ നെസ്റ്റെ കാർട്ടർ ഉത്തേജക മരുന്ന് ഉപയോഗിച്ചതായി കണ്ടെത്തിയിരുന്നു. അത് കാരണം ആ ഇനത്തതിൽ ജമൈക്കൻ ടീമിനെ അയോഗ്യരാക്കി. അതോടെ ആ സ്വർണ മെഡൽ അദ്ദേഹത്തിന് നഷ്ടമായി. 2008 ബീജിംഗ് , 2012 ലണ്ടൻ, 2016 റിയോ ഒളിമ്പിക്സുകളിലായിരുന്നു ഈ നേട്ടങ്ങൾ.[10] നേട്ടങ്ങളുടെ വിശേഷണമായി മാധ്യമങ്ങൾ ഇദ്ദേഹത്തിന് "ലൈറ്റ്നിങ് ബോൾട്ട്" എന്ന വിളിപ്പേര് നേടിക്കൊടുത്തു.[11] മികച്ച പുരുഷ അത്‌ലറ്റിനുള്ള ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് അത്‌ലറ്റിക് ഫെഡറേഷന്റെ (ഐഎഎഎഫ്) അത്‌ലറ്റ് ഓഫ് ദി ഇയർ ആയി തുടർച്ചയായി 4 തവണ (2009-2012) തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ട്രാക്ക് & ഫീൽഡ് അത്ലറ്റ് ഓഫ് ദി ഇയർ അവാർഡിനും ലോറസ് സ്പോർട്സ്മാൻ ഓഫ് ദി ഇയർ അവാർഡിനും (രണ്ട് തവണ) അദ്ദേഹം അർഹനായിട്ടുണ്ട്. ലോകം കണ്ട ഏറ്റവും മികച്ച അത്ലറ്റുകളിലൊന്നായി ഉസൈൻ ബോൾട്ടിനെ പരിഗണിക്കുന്നു.[12][13][14]

1. 2013 ജൂലൈ മാസത്തിൽ റഷ്യയിലെ മോസ്കോയിൽ വെച്ച് നടന്ന ലോകചാമ്പ്യൻഷിപ്പിൽ മൂന്ന സ്വർണമെഡലുകൾ നേടിയതോടെ ലോകചാമ്പ്യൻഷിപ്പുകളിൽ ഏറ്റവും കൂടുതൽ മെഡലുകൾ നേടിയ താരം എന്ന പദവി അദ്ദേഹത്തിന് സ്വന്തമായിരുന്നു. [15]

2. 2015 ആഗസ്റ്റ് 29 ന് ബൈജിംഗിൽ നടന്ന ലോക അത്‌ലറ്റിക്ക് ചാംപ്യൻഷിപ്പിൽ ട്രിപ്പിൾ സ്വർണം ലഭിച്ചു. 100 മീറ്ററിലും 200 മീറ്ററിലും സ്വർണ്ണം നേടിയ ബോൾട്ട് ,4x100 മീറ്റർ റിലേയിലും സ്വർണ്ണം നേടി.

3. മൂന്ന ലോകചാമ്പ്യൻഷിപ്പിൽ മത്സരങ്ങളിൽ 100 മീറ്ററിലും 200 മീറ്ററിലും സ്വർണം നേടിയ ബോൾട്ട് ട്രിപ്പിൾ ഡബിളും , 4 X 100 മീറ്റർ റിലേയിലും സ്വർണം നേടി ട്രിപ്പിൾ ട്രിപ്പിൾ എന്ന നേട്ടവും കൈവരിച്ചു. 2009 ലേയും 2013 ലേയും 2015 ലേയും ലോകചാമ്പ്യൻഷിപ്പുകളിലാ യിരുന്ന ഈ നേട്ടങ്ങൾ.

Anuran